**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 265**

# വിശ്വാസത്തിൽ നിന്ന് പ്രത്യാശയിലേക്ക്

**FROM FAITH TO TRUST**

**നവംബർ 7, 2024**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## വിശ്വാസം – ദൃഢഭക്തി – പ്രത്യാശ
## BELIEF - FAITH - TRUST

പ്രത്യാശ എന്നത് വിശ്വാസത്തിൽനിന്ന് ഭിന്നമാണെന്ന് നാം മനസ്സിലാക്കണം. വിശ്വാസത്തിനും പ്രത്യാശയ്ക്കുമിടയ്ക്ക് മറ്റൊരു തലമുണ്ട്-ദൃഢഭക്തി. വിശ്വാസം(Belief), ദൃഢഭക്തി(Faith), പ്രത്യാശ(Trust) ഇവയാണ് ആ മൂന്നു തലങ്ങൾ.




ഇനി, സാധാരണയായി വച്ചുപുലർത്തുന്ന വിശ്വാസങ്ങളുണ്ട്, അവയൊക്കെ സാമൂഹത്തിന്റെ തലത്തിലുള്ള സാമൂഹിക വിശ്വാസങ്ങളാണ്(social beliefs). ഉദാഹരണത്തിന്, അമേരിക്കക്കാർ വിശ്വസിക്കുന്നത് 13 എന്ന സംഖ്യ അമംഗളകരമാണെന്നാണ്. തമിഴ്നാട്ടിൽനിന്നുള്ളവർ വിശ്വസിക്കുന്നത് നല്ല ഇരുട്ടുള്ള രാത്രി വളരെ മംഗളകരമാണെന്നാണ്. ആന്ധ്രാപ്രദേശിൽനിന്നുള്ളവർ വിശ്വസിക്കുന്നത് പൗർണ്ണമി രാത്രി വളരെ മംഗളകരമാണെന്നാണ്. ഈ വിശ്വാസങ്ങളിലേതും നിങ്ങൾക്ക് വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്യാം.




ഈ വിശ്വാസം കുറേക്കൂടി ഉയർന്ന ഒരു തലത്തിലേക്ക് വളരുമ്പോൾ, അത് ദൃഢഭക്തി(Faith)യായി മാറുന്നു, അഥവാ പരിവർത്തനം ചെയ്യപ്പെടുന്നു. നിങ്ങൾ പറഞ്ഞേക്കാം, "എനിക്ക് ഈശ്വരനിൽ വിശ്വാസമുണ്ട്!" ആ വിശ്വാസം, വിശ്വസ്തനാ(faithful)യിരിക്കാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. എന്നാൽ ഈ വിശ്വാസം പോലും ചിലനേരം

വിശ്വാസമില്ലായ്മയായി മാറും. "എനിക്ക് അദ്ദേഹത്തിലുള്ള വിശ്വാസം നഷ്ടമായി!" എന്തുകൊണ്ടാണ് നിങ്ങൾക്ക് അദ്ദേഹത്തിലുള്ള വിശ്വാസം നഷ്ടമായത്? "എന്തെന്നാൽ, അദ്ദേഹം എന്റെ പ്രാർത്ഥന കേട്ടില്ല!" ഓ, അതാണോ കാര്യം!




അഥവാ നിങ്ങൾ പറഞ്ഞേക്കാം, "എനിക്ക് വിശ്വാസം വളരുകയാണ്." എന്തുകൊണ്ട്? "ഞാൻ വിചാരിക്കുന്നതോരോന്നും ഉടന ടി സാധിക്കുകയാണ്." അപ്പോൾ, സംഭവിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതൊക്കെ പെട്ടെന്നുതന്നെ സംഭവിക്കുന്നു. അതിനാൽ നിങ്ങൾക്ക് വിശ്വാസമുണ്ട്. എന്നാൽ, നിങ്ങൾ ഒരു കാര്യം നടക്കണമെന്ന് ആഗ്രഹിക്കുകയും അത് നടക്കാതിരിക്കുകയും ചെയ്താൽ, ആ സമയത്ത് നിങ്ങൾക്ക് വിശ്വാസം നഷ്ടമാവുകയും ചെയ്യും!"

അപ്പോൾ, നമുക്ക് വിശ്വാസം ഉണ്ടായേക്കാം, നമുക്ക് വിശ്വാസം നഷ്ടമാവുകയും ചെയ്തേക്കാം. എന്നാൽ, ആ വിശ്വാസം കുറേക്കൂടി ആഴമുള്ളതായി മാറി, ഒരു ഉറച്ച അടിസ്ഥാനശിലയായി, ഒരു തൂണുപോലെ ബലമുള്ളതായിത്തീരാം. ഒരു കോൺക്രീറ്റ് തൂണു പോലെ, വിശ്വാസം ഇളക്കമില്ലാത്തതും താറുമാറാകാത്തതും ആകാം. ആ അചഞ്ചലമായ വിശ്വാസം പ്രത്യാശ(Trust) യായി ഉറയ്ക്കുന്നു. പ്രത്യാശ എന്നത് അന്തിമമായ നിർണ്ണയമാണ്, ഘനീഭൂതമായ തെളിവാണ്. അപ്പോൾ, അടിസ്ഥാനമായി വിശ്വാസം(Belief) ആണ്. ഇനി, വിശ്വാസം ദൃഢഭക്തി(Faith)യായി വികസിക്കുന്നു, അവസാനം ദൃഢഭക്തി പ്രത്യാശ(Trust)യായിത്തീരുന്നു.




അതുകൊണ്ട്, മുതിർന്നവരുടെ, നമുക്ക് അടുപ്പമുള്ളവരും പ്രിയപ്പെട്ടവരുമായവരുടെ പ്രബോധനങ്ങൾ സ്വീകരിക്കുന്നതിന്, നാം അവരിൽ പ്രത്യാശയർപ്പിക്കണം. അത്തരം ആളുകളിലുള്ള പ്രത്യാശ(Trust) തികച്ചും ആവശ്യമാണ്. എന്നാൽ നിങ്ങൾക്ക് പ്രത്യാശ പരീക്ഷിക്കാവുന്നതാണ്. അനുഭവിച്ചിട്ട് നിങ്ങൾക്ക് പ്രത്യാശ വികസിപ്പിക്കാവുന്നതാണ്. അന്ധമായ രീതിയിൽ നിങ്ങൾക്ക് മുന്നേറാൻ കഴിയില്ല, ഇല്ല!

## സത്യം പരീക്ഷണാത്മകവും അനുഭവജ്ഞാനപരവും അസ്തിത്വപരവും ആകുന്നു
## TRUTH IS EXPERIMENTAL, EXPERIENTIAL AND EXISTENTIAL

ബാബ ഏറെക്കാലം മുമ്പേ പറഞ്ഞു, "വരുവിൻ, പരിശോധിക്കുവിൻ, അനുഭവിപ്പിൻ", കേവലം മൂന്ന് വാക്കുകൾ: "വരുവിൻ, പരിശോധിക്കുവിൻ, അനുഭവിപ്പിൻ( Come, examine and experience)". അവിടുന്ന് ഒരിക്കലും പറഞ്ഞില്ല, "ഇവിടെ വരുവിൻ, എന്നിട്ട് അനുഭവിപ്പിൻ." തലകീഴായ ക്രമത്തിലല്ല അത്! "ഇവിടെ വരുവിൻ, അനുഭവിപ്പിൻ, എന്നിട്ട് പരിശോധിക്കുവിൻ" എന്ന് അവിടുന്ന് ഒരിക്കലും പറഞ്ഞില്ല. തലകീഴായ ക്രമത്തിലല്ല അത്! അവിടുന്ന് ഒരിക്കലും പറഞ്ഞില്ല, "നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലെങ്കിൽ, നാളെ നിങ്ങളുടെ കാര്യം തീർന്നു!" അവിടുന്ന് ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല. നേരേ മറിച്ച്, അവിടുന്ന് നിങ്ങൾക്ക് ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം തന്നു, "വരുവിൻ, പരിശോധിക്കുവിൻ, അനുഭവിപ്പിൻ." അത്രയേയുള്ളൂ. നിങ്ങളുടെ അനുഭവമാണ് സാക്ഷി. അത് അന്തിമമാകുന്നു. അന്യരുടെ അനുഭവത്തിന്റെ പുറകേ പോകാതിരിക്കുക." അതാണ് ഭഗവാൻ നമ്മോട് ആവർത്തിച്ചു പറയുന്നത്.




അതുകൊണ്ട്, പ്രത്യാശ വളർത്തണമെങ്കിൽപ്പോലും, നാം പരീക്ഷിക്കണം. നാം പരീക്ഷിക്കണം എന്തെന്നാൽ, സത്യം എന്നത് പരീക്ഷണാത്മകവും അനുഭവജ്ഞാനപരവും അസ്തിത്വപരവും ആകുന്നു-ഇവ മൂന്നും സുന്ദരമായ പദങ്ങൾ അഥവാ വസ്തുതകൾ ആണ്. സത്യം അസ്തിത്വപര(existential)മാണ്. അത് അസ്തിത്വമാണ്. നിങ്ങൾ സത്യം ഇറക്കുമതി ചെയ്യുന്നതല്ല. നിങ്ങൾ സത്യം കയറ്റുമതി ചെയ്യുന്നില്ല. നിങ്ങൾ സത്യം ജനിപ്പിക്കുന്നില്ല. നിങ്ങൾ പരീക്ഷണശാലയിൽ സത്യം തയ്യാറാക്കുകയോ ഉത്പാദിപ്പിക്കു



കയോ ചെയ്യുന്നില്ല. സത്യം അസ്തിത്വമാണ്, അതുകൊണ്ട് അത് അസ്തിത്വപര മാണ്.

രണ്ടാമതായി, സത്യം പരീക്ഷണപര(experimental)മാണ്. നിങ്ങൾക്ക് പരീക്ഷിക്കാം, സ്വയം സത്യം അറിയാം. ഞാൻ പറയുകയാണ്, "ബാബ നിങ്ങളുടെ രക്ഷയ്ക്കായി എത്തും." "അതെയോ?" നിങ്ങൾ സ്വയം പരീക്ഷിക്കണം! ഞാൻ പറയുകയാണ്, "ബാബ പ്രേമസ്വരൂപനാണ്." സ്വയം പരീക്ഷിക്കുക, എന്നിട്ട് കണ്ടുപിടിക്കുക! ഞാൻ ഇങ്ങനെയും പറയുകയാണ്, "ബാബ ഓരോയിടത്തും ഉണ്ട്."പരീക്ഷിച്ചു നോക്കുക! അപ്പോൾ, സത്യം പരീക്ഷണപരവും അസ്തിത്വപര(existential)വുമാണ്. നിങ്ങൾക്കതിനെ അനുഭവിക്കുകയുമാവാം. സത്യം പരീക്ഷണപരവും വളരുന്നതിന് നമ്മെ സഹായിക്കുന്നതുമാണ്. സത്യത്തിന്റെ പ്രകൃതം അസ്തിത്വപരവും പരീക്ഷ ണപരവുമാണ്. ജ്ഞാനോദയം സിദ്ധിച്ച ആളുകളുടെ വാക്കുകൾ ശ്രദ്ധിക്കുന്നതു വഴി നമുക്ക് സത്യത്തെ അറിയാനാവും.

മൂന്നാമത്തെ പോയന്റ് എന്നത്, അവിടുന്നിലോ അഥവാ നമുക്ക് ഇപ്പോൾ ആവശ്യ മുള്ള മറ്റാരിലെങ്കിലുമോ പ്രത്യാശ വളർത്തുന്നതിന് നാം ആഗ്രഹിക്കുമ്പോൾ, നാം അവിടുന്നിനെ പരീക്ഷിക്കണം.

നേരത്തേ രണ്ടു വസ്തുതകൾ പരാമർശിച്ചിരുന്നു: ഒന്ന് പ്രത്യക്ഷപ്രമാണം(direct cognition)ആണ്. രണ്ടാമത്തേത്, നിഗമന(inference)ത്തിൽ അധിഷ്ഠിതമായ അനുമാ



നപ്രമാണം ആണ്. മൂന്നാമത്തേത് ആത്മജ്ഞാനം സിദ്ധിച്ച ആളുകളുടെ വാക്കുകൾ പിന്തുടരുകയാണ് -ആഗമപ്രമാണം. ആഗമപ്രമാണം എന്നതിനർത്ഥം, ജ്ഞാനോദയം(enlightened) ലഭിച്ച, നിങ്ങൾക്ക് അടു പ്പമുള്ളവരെ, നിങ്ങൾ അനുഗമിക്കുന്നു. എന്നാൽ, നിങ്ങൾ പിന്തുടരേണ്ടത് ആരെയാണ്? ആരാണ് നിങ്ങൾക്ക് അടുപ്പമുള്ളവരും പ്രിയപ്പെട്ടവരും? വ്യക്തമായി പറയപ്പെട്ടിരിക്കുന്നു: മാസ്റ്റർ. ഒരു ദിവ്യ ഗുരു(Divine Master)വിന്റെ ആവശ്യം വരുന്നത് ഇപ്പോഴാണ്.

"എനിക്കറിയില്ല" എന്ന ദൗർബല്യമാണ് ആദ്യം വരുന്നത്. രണ്ടാമത്തെ ഭാവം, "എനിക്കറിയില്ല, എനിക്ക് അറിയാൻ കഴിയില്ല " എന്നതാണ്. അപ്പോൾ ആരാണ്

നിങ്ങളെ അറിയാൻ സഹായിക്കുക? അദ്ധ്യാപകൻ അല്ലെങ്കിൽ ഗുരു. ആകയാൽ, ആദ്യത്തേതായ പ്രത്യക്ഷപ്രമാണം പരാജയപ്പെടുമ്പോൾ, രണ്ടാമത്തേതായ അനുമാനപ്രമാണവും പരാജയപ്പെടുമ്പോൾ, പിന്നെ മൂന്നാമത്തേത്, ആഗമപ്രമാണം, അടുപ്പമുള്ളവരുടെയും പ്രിയപ്പെട്ടവരുടെയും വാക്കുകൾ ശ്രദ്ധിക്കുക എന്നുള്ളത് വരുന്നു. ഇതാണ് ഒരു മാസ്റ്ററുടെ പ്രബോധനം. ഒരു ഗുരുവിന്റെ പ്രബോധനം നിങ്ങളെ സഹായിക്കും. നിങ്ങൾക്ക് അറിയാത്തപ്പോൾ, നിങ്ങൾക്ക് അറിയാൻ ശേഷിയില്ലാത്തപ്പോൾ, നിങ്ങൾക്ക് സ്വയം സത്യം അറിയാൻ പറ്റാത്തപ്പോൾ, അപ്പോൾ ഗുരു നിങ്ങളെ സഹായിക്കും. മാസ്റ്റർ ഒരു ആവശ്യകതയാകുന്നു.

### നമ്മുടെ ബിസിനസ് എന്നത് അവിടുന്നിൽ പ്രതീക്ഷയർപ്പിക്കുക എന്നതു മാത്രം
### OUR BUSINESS IS ONLY TO TRUST HIM

പക്ഷേ വസ്തുത ഇതാ വരുന്നു. മാസ്റ്റർ നിങ്ങളെ കുഴപ്പിക്കുന്നു. ചിലനേരത്ത് ഭീകരമായ ആശയക്കുഴപ്പം ഉണ്ടാവുന്നു: "ഞാൻ നിന്നോട് നാളെ സംസാരിക്കാം!" നമ്മൾ കാത്തിരിക്കും. നമ്മൾ വെളുപ്പിന് നാലു മണിക്കുണർന്ന് കുളിച്ചൊരുങ്ങി നഗരസങ്കീർത്തനത്തിൽ പങ്കെടുക്കും. നമ്മൾ സുന്ദരനായി അവിടെ ഇരിപ്പുറപ്പിക്കും, പക്ഷേ അപ്പോൾ അവിടുന്ന് നമ്മെ കണ്ടില്ലെന്നു നടിക്കും.




"ഇന്നലെ അവിടുന്ന് പറഞ്ഞത് അവിടുന്ന് നമ്മളോട് ഇന്നു കാലത്ത് സംസാരിക്കാമെന്നാണ്. പക്ഷേ അവിടുന്ന് നമ്മുടെ മുഖത്തു പോലും നോക്കുന്നില്ല!" ആശയക്കുഴപ്പമാണ്! മാസ്റ്റർ, എത്രമാത്രമാണ് നിങ്ങളെ കുഴപ്പിക്കുന്നത്! "അവിടുന്ന് ഓർക്കുന്നുണ്ടാവുമോ, അതോ അവിടുന്ന് മറന്നുപോയോ? അവിടുന്ന് ഇന്നലെ പറഞ്ഞത് നമ്മളോട് അവിടുന്ന് സംസാരിക്കും എന്നാണ്. ബാബ മറന്നുപോയിട്ടുണ്ടാവും എന്തെന്നാൽ അവിടുന്നിന് അത്രമാത്രം ഭരണകാര്യങ്ങളിൽ തിരക്കുണ്ട്. അവിടുന്ന് മറന്നുപോയിട്ടുണ്ടാവണം." ആശയക്കുഴപ്പം!

അതു മാത്രമല്ല. ഇതാ മറ്റൊരു ഉദാഹരണം. നിങ്ങളൊരു വിദേശിയാണ്. അവിടുന്ന് നിങ്ങളോട് ഒരു ദക്ഷിണേന്ത്യൻ ഭാഷയായ തമിഴിൽ സംസാരിക്കുന്നു! എന്നാൽ

നിങ്ങൾക്ക് ഇംഗ്ലീഷ് മാത്രമേ അറിയൂ! അപ്പോൾ, അവിടുന്ന് എന്തിനാണ് നിങ്ങളോട് തമിഴിൽ സംസാരിക്കുന്നത്? ഹിമാലയൻ കൺഫ്യൂഷൻ!''

എനിക്ക് ഹിന്ദി അറിയുകയേ ഇല്ല! പെട്ടെന്ന് അവിടുന്ന് എന്നോട് ഹിന്ദിയിൽ ചോദ്യ ങ്ങൾ ചോദിക്കുന്നു. ആകയാൽ ഇവിടെ ഒരു ചോദ്യം ഉയരുന്നു: ''എനിക്ക് ഇംഗ്ലീഷ് മാത്രമേ അറിയൂ എന്ന കാര്യം അവിടുന്നിന് അറിയാമോ?''

കഴിഞ്ഞ ആറു മാസക്കാലമായി നിങ്ങൾ ഇവിടെയുണ്ട്. പൊടുന്നനവെ അവിടുന്ന് കടന്നുവന്ന് നിങ്ങളോട് ചോദിക്കുന്നു, ''എപ്പോളാണ് നീ വന്നത്?'' ഇതെന്താണ്? കഴിഞ്ഞ ആറു മാസക്കാലമായി ഞാൻ ഇവിടെയുണ്ടായിരുന്നു! പക്ഷേ അവിടുന്ന് ചോദിക്കുകയാണ്, ''എപ്പോളാണ് നീ വന്നത്?'' എന്താണിങ്ങനെ? എനിക്ക് മനസ്സിലാ വുന്നില്ല!'' ആശയക്കുഴപ്പമാണ്, പെട്ടെന്ന് നമ്മളെല്ലാവരും ആശയക്കുഴപ്പത്തിലാ വുന്നു!




പഴയ മന്ദിരത്തിലെ ദർശനം

മാസ്റ്റർ നിങ്ങളെ കുഴപ്പിക്കുന്നു. എന്നാൽ ആ ആശയക്കുഴപ്പത്തിൽപ്പോലും, നമ്മുടെ പ്രതീക്ഷ(Trust) നിലനിൽക്കണം. കാര്യങ്ങൾ അസംഗതമായി തോന്നിയേക്കാം, കാര്യങ്ങൾ അർത്ഥശൂന്യമായി അഥവാ ആകപ്പാടെ തെറ്റായി, യാതൊരു പ്രസ ക്തിയും ഇല്ലാത്തതായി തോന്നിയേക്കാം.

എന്നിരുന്നാലും, നമ്മുടെ പ്രതീക്ഷ നിലനിൽക്കണം. അതാണ് ഒരു ഗുരു ശിഷ്യന് അഥവാ ഭക്തന് നൽകുന്ന പരീക്ഷ. ആകയാൽ, അത് ആശയക്കുഴപ്പമാണെന്ന് നാം പറയാൻ പാടില്ല. അതൊരു പരീക്ഷയാണ്. അത് അസംഗതമാണെന്ന് നാം പറയാൻ പാടില്ല. അതൊരു പരീക്ഷയാണ്. അത് അപ്രസക്തമാണെന്ന് നാം പറയാൻ പാടില്ല. അല്ല, അത് കേവലമൊരു ടെസ്റ്റാണ്. യുക്തിരാഹിത്യങ്ങൾ പോലും നാം സ്വീകരിക്കുന്നതിന് അവിടുന്ന് ആവശ്യപ്പെടുന്നു. അതിന് യാതൊരു പൊരുളും ഇല്ലെങ്കിൽക്കൂടി നാമത് സ്വീകരിക്കേണ്ടിയിരിക്കുന്നു, എന്തെന്നാൽ നമ്മെ പരീക്ഷിക്കുന്നതിന് അവിടുന്ന് ആഗ്രഹിക്കുന്നു.

ഒരു ലളിതമായ ഉദാഹരണമിതാ: ഗുർജിഫ്(Gurdjieff) എന്ന വലിയൊരു തത്വചിന്തകനുണ്ടായിരുന്നു. അദ്ദേഹം ഒരു ശിഷ്യനെ വിളിച്ചിട്ടു പറഞ്ഞു, “വരൂ!” ആ ശിഷ്യൻ




നല്ല ചുണയുള്ളവനായി, കാരണം ഗുരു തന്നെ പേരാണ് വിളിച്ചത്. ഇതിലധികം എന്താണ് നിങ്ങൾക്കു വേണ്ടത്? എല്ലാവർക്കും ഒരു സദ്യയായിരുന്നു അത്. അവൻ ചാടിയെണീറ്റ് ഗുരുവിന്റെ സമീപത്തേക്ക് ഓടിച്ചെന്നു. “ഗുരോ, അങ്ങയ്ക്കു വേണ്ടി ഞാനെന്താണ് ചെയ്യേണ്ടത്?”

“ശരി, ആഴമുള്ള ഒരു കുഴി വെട്ടണം ഇപ്പോൾത്തന്നെ. ഇവിടെയായി വലിയൊരു കുഴിയെടുക്കുക.”

എന്തുകൊണ്ട് പറ്റില്ല! ഞാൻ മസിൽ പവറിൽ വിശ്വസിക്കുന്നു!

ആ ചങ്ങാതി ആഴമുള്ള ഒരു കുഴി വെട്ടാൻ തുടങ്ങി. വൈകുന്നേരമായപ്പോൾ, ഗുരു ഗുർജിഫ് വന്നു. “വളരെ നന്നായി, എന്റെ കുട്ടീ. ഇനിയത് മൂടിയേക്കൂ!”




മൂടാനോ? ഇന്നു കാലത്തു തൊട്ട് ഞാനിത് കുഴിക്കുകയാണ്! എന്നോട് ഇത് മൂടാൻ പറയുന്നതിലെ തമാശ എന്താണ്? ഗുരോ, അങ്ങയ്ക്ക് എന്തു പറ്റി?”

ഗുരു പറഞ്ഞു, "എനിക്ക് എന്തു കുഴപ്പമെന്നോ? നീ പറയുന്നത് എന്തെന്ന് എനിക്ക് മനസ്സിലാവുന്നില്ല! പ്ലീസ്." അദ്ദേഹം പറഞ്ഞു, "നിനക്കിവിടെ സ്ഥാനമില്ല. പുറത്തു പോകൂ!"




അദ്ദേഹം ഉദ്ദേശിച്ചത്, ശരിയായാലും തെറ്റായാലും, യുക്തിഭദ്രമെങ്കിലും അയുക്തിക മെങ്കിലും, നമ്മുടെ ബിസിനസ്സ് എന്നത് അദ്ദേഹത്തിൽ പ്രത്യാശ യർപ്പിക്കുക മാത്രമാണ് എന്നതാണ്.

ആകയാൽ, അസംബന്ധം കൂടി, യുക്തിയില്ലാത്തു പോലും, ഈശ്വരനിൽനിന്നുള്ള ഒരു ടെസ്റ്റ് ആവാം. നമ്മൾ യഥാർത്ഥ ഭക്തരാണോ എന്നറിയുന്നതിന് പരീക്ഷിക്കുന്നതിന് അവിടുന്ന് ആഗ്രഹിക്കുന്നു. ഒരു ടെസ്റ്റ് അറ്റസ്റ്റ് ചെയ്യുന്നതിനാണ്! അത് നിഷേധിക്കാനോ നിങ്ങളെ പുറത്താക്കാനോ അല്ല. ഒരു പരീക്ഷയെന്നത് ഉയർത്താനാണ്, അപ്ഗ്രേഡ് ചെയ്യുന്നതിനാണ്, സ്ഥാനക്കയറ്റത്തിനാണ്.




അതുകൊണ്ട്, ഉത്ബുദ്ധരായ ആത്മാക്കളെ ശ്രവിക്കുമ്പോൾ, നമുക്ക് അവരിൽ പരിപൂർണമായതും ഉപാധിരഹിതവുമായ വിശ്വാസം, പ്രത്യാശ, ഉണ്ടായിരിക്കണം!

പ്രഫസർ അനിൽകുമാറിൽനിന്ന് കൂടുതൽ ആദ്ധ്യാത്മിക ഉൾക്കാഴ്ചകൾ അടുത്ത ലക്കത്തിൽ.

നിങ്ങളുടെ സമയത്തിന് നന്ദി,

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു –** (***Sai-Vedam*** പേജ് 119–126)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)